"അഞ്ചൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 465/2000 നമ്പർ കേസ്"

39 [2469] *ശ്രീ. ജോണി നെല്ലൂർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ അഞ്ചൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 465/2000 എന്ന നമ്പരിലുള്ള കേസിലെ പ്രതി ആരാണ്;

(ബി) ഈ കേസ് അന്വേഷിച്ച് ചാർജ്ഷീറ്റ് നൽകിയ എസ്.ഐ. ആരായിരുന്നു;

(സി) ഈ കേസ് വ്യാജമാണെന്നു പറഞ്ഞ് പ്രതി വിജിലൻസിൽ പരാതിപ്പെട്ടിരുന്നോ എങ്കിൽ അന്വേഷണം നടന്നോ; നടന്നെങ്കിൽ ഇതിൻപ്രകാരമുള്ള റിപ്പോർട്ട് എന്താണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ കേസിൽ പുനരന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ നടത്തിയത് ആരാണ്; ഇതിന്റെ റിപ്പോർട്ട് എന്താണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഈ റിപ്പോർട്ടിൽ കോടതി എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രതി ശ്രീ. കുര്യൻ ജോർജിനെതിരെ എടുത്ത കേസ് വ്യാജമാണെന്ന് തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ ഈ വ്യാജ കേസ് എടുത്ത എസ്.ഐ.ക്കെതിരെ എന്തെങ്കിലും നടപടിക്കുള്ള ശുപാർശ വിജിലൻസ് വകുപ്പിൽനിന്നും ഉണ്ടായിട്ടുണ്ടോ;

(ജി) എങ്കിൽ ഈ റിപ്പോർട്ട് അനുസരിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(ഐ) ഈ എസ്.ഐ. റിട്ടയർ ചെയ്തതായി വ്യാജ റിപ്പോർട്ട് ചമച്ച് ഈ ഉദ്യോഗസ്ഥനെ രക്ഷിക്കുവാനുള്ള നടപടി ഉന്നതങ്ങളിൽനിന്നും ഉണ്ടായതായിട്ടുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; ഈ എസ്.ഐ. ഇപ്പോൾ എവിടെ ജോലി ചെയ്യുന്നു എന്ന് അറിയിക്കാമോ;

(ജെ) ഇതു സംബന്ധിച്ച് പ്രതി 14-3-2005-ൽ വിജിലൻസ് ഡയറക്ടർ, ഡി.ജി.പി., മുഖ്യമന്ത്രി എന്നിവർക്ക് നൽകിയിരുന്ന പെറ്റീഷനിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) (1) ശ്രീ. കുര്യൻ ജോർജ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ടയേർഡ്)
(2) ശ്രീ. മോഹനൻ

(ബി) ശ്രീ. വി. സുഗതൻ (സബ് ഇൻസ്പെക്ടർ, അഞ്ചൽ പോലീസ് സ്റ്റേഷൻ)

(സി) വി. എ. സി. ബി. നമ്പർ സി.വി. 9/2001 എസ്.ആർ.റ്റി. പ്രകാരം കോൺഫിഡൻഷ്യൽ എൻക്വയറി നടത്തിയിട്ടുണ്ട്. അഞ്ചൽ പോലീസ് സ്റ്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ക്രൈം നമ്പർ 465/2000 ലോക്കൽ ഡിവൈ.എസ്.പി. യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും ശ്രീ. വി. സുഗതനെതിരായി വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും വി.എ.സി.ബി. ഡയറക്ടർ ശുപാർശ നൽകിയിട്ടുണ്ട്.

(ഡി) പുനരന്വേഷണം നടത്തിയിട്ടുണ്ട്. പുനലൂർ ഡിവൈ.എസ്.പി. പുനരന്വേഷണം നടത്തി ക്രൈം 465/2000 റഫർ ചെയ്ത റിപ്പോർട്ട് കോടതി മുൻപാകെ 23-12-2002-ൽ സമർപ്പിച്ചു.

(ഇ) കേസ് 10-11-2004-ൽ പുനലൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി 1-ൽ ഡിസ്ചാർജ് ചെയ്തു.

(എഫ്) കേസ് വ്യാജമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ശ്രീ. കുര്യൻ ജോർജിനെതിരെ രജിസ്റ്റർ ചെയ്ത ക്രൈം 465/2000 കേസ് എസ്.ഐ. സുഗതൻ സൂക്ഷ്മമായി അന്വേഷിച്ചിട്ടില്ല എന്നു കണ്ടെത്തുകയും, ടി എസ്.ഐ.-ക്കെതിരെ വകുപ്പുതല അന്വേഷണം നടത്താൻ വി.എ.സി.ബി. ഡയറക്ടർ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ജി) എസ്.ഐ.-ക്കെതിരെ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ട്.

(എച്ച്) ബാധകമല്ല.

(ഐ) അഞ്ചൽ പോലീസ് സ്റ്റേഷൻ എസ്.ഐ. ആയിരുന്ന ശ്രീ. സുഗതനെതിരായി വി.എ.സി.ബി. അന്വേഷണം നടത്തി അയച്ചുതന്ന കോൺഫിഡൻഷ്യൽ വെരിഫിക്കേഷൻ റിപ്പോർട്ടിൽ ടി എസ്.ഐ. 30-5-2004-ൽ റിട്ടയർ ചെയ്യുമെന്ന് കാണിച്ചിട്ടുണ്ട്. ടിയാന്റെ ജനനത്തീയതി സർവ്വീസ് റിക്കാർഡ് പ്രകാരം 30-5-1969 ആണ്. ടിയാൻ ഇപ്പോൾ കൊല്ലം ട്രാഫിക് സ്റ്റേഷനിൽ ജോലി നോക്കിവരുന്നു.

(ജെ) പരാതി പരിശോധിച്ചുവരുന്നു.

എൻ. ഡി. എഫ്.—ഐ. എസ്. ഐ. ബന്ധം

40 [2470] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ നീരാറാവത്ത് മാറാട് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയിൽ എൻ.ഡി.എഫ്. എന്ന സംഘടനയ്ക്ക് പാകിസ്ഥാൻ ചാര സംഘടനയായ ഐ.എസ്.ഐ.-യുമായി ബന്ധമുണ്ടെന്ന് വെളിപ്പെടുത്തിയതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഐ.എസ്.ഐ.-യുമായി ബന്ധപ്പെട്ടവരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly